# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2299 12-06-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. പി. ഉണ്ണി

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സാമ്പത്തിക പ്രതിസന്ധി</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതല ത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാന ത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി വൈഷമ്യം തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. |
| (ബി) | സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു; വിശദമായ സ്റ്റേറ്റ് മെന്റ് നൽകുമോ? | ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ ദീർഘകാല ബാദ്ധ്യതയ്ക്കു പുറമേ അടിയന്തിര ഹ്രസ്വകാല ബാദ്ധ്യതകൾ ഉൾപ്പെടെ ഏകദേശം 11295.67 കോടി രൂപയായിരുന്നു വിവിധ ഇനങ്ങളിൽ കുടിശ്ശികയായിരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനം | തുക കോടിയിൽ |
|---|---|---|
| **അടിയന്തിര ബാദ്ധ്യത** | | |
| 1 | ഇ-ലാംസ് | 1431.00 |
| 2 | ട്രഷറി ക്യൂ | 100.00 |
| 3 | വെയ്സ്&മീൻസ് ക്ലിയറൻസിനായി കിടന്നവ | 450.00 |
| 4 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1473.67 |
| 5 | ബാങ്കുകൾക്കും കരാറുകാർക്കും നൽകാനുള്ളത് | 1632.00 |

| | | |
|---|---|---|
| 6 | സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഡിപ്പോസിറ്റുകൾ | 1365.00 |
| 7 | ഭൂമി ഏറ്റെടുക്കൽ വില നൽകേണ്ടത് | 250.00 |
| 8 | മറ്റു പെൻഷനുകൾ | 268 |
| **ബഡ്ജറ്റിൽ വകയിരുത്താത്ത ഹ്രസ്വകാല ബാദ്ധ്യതകൾ** | | |
| 9 | ഫ്ലാഗ്ഷിപ് റോഡ് പദ്ധതി | 1620.00 |
| 10 | ബജറ്റ് വിഹിതത്തിനതീതമായി ഭരണാനുമതി നൽകിയ മരാമത്തു പദ്ധതികൾ | 1199.00 |
| 11 | സർക്കാർ ഇതര ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക | 500.00 |
| 12 | നെല്ല് സംഭരണം | 471.00 |
| 13 | വിപണി ഇടപെടൽ | 536.00 |
| | **ആകെ** | **11295.67** |

അക്കൗണ്ട്സ് ഓഫീസർ